LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത കേസിൽ ബോംബ് സ്ഫോടനം നടത്തി ജനങ്ങൾക്ക് ഭീതി ജനിപ്പിക്കുകയും ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊല പ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തതിനാലാണ് യു.എ.പി.എ. വകുപ്പുകൾ ചേർക്കുവാൻ ഇടയായത്.

(ബി) പ്രതികൾ സംഘം ചേർന്ന് ബോംബെറിഞ്ഞ് സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു എന്നുള്ളതാണ് ആദ്യ വിവരം. ഈ വിവരം അനുസരിച്ചാണ് മേൽ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തത്. നേരിട്ടെടുക്കാവുന്ന കുറ്റം സംബന്ധിച്ച് ലഭിച്ച വിവരം ആകയാൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതില്ല.

(സി) തുടർന്നുള്ള അന്വേഷണത്തിൽ യു.എ.പി.എ. ചേർക്കുവാനുള്ള കാരണം ഉചിതമായിരുന്നുവെന്ന് ബോദ്ധ്യമായിട്ടുണ്ട്.

(ഡി) യു.എ.പി.എ. വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തു എന്നാരോപിച്ച് പരാതി ലഭിച്ചിട്ടില്ല. ടി കൊലപാതകം സംബന്ധിച്ച കേസ് ഇപ്പോൾ സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണം

152 (3784) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ജില്ലാ ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ട് 17-6-2014 -ലെ GO (MS) No. 124/14 പ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ ആയത് ഏതു വിധത്തിൽ പ്രായോഗികമാക്കുവാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചിലെ ഓരോ യൂണിറ്റിനും രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുന്നതിന് തീരുമാനിച്ചുവോ ; ജില്ലാ ക്രൈം ഡിറ്റാച്ചുമെന്റിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ അനുവദനീയ തസ്തിക നിലവിലുണ്ടോ ; ഇല്ലായെങ്കിൽ ഈ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ എങ്ങനെ നിയമിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാന പോലീസിലെ സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ പുനർവിന്യാസം നടത്തി ഒഴിവുകൾ പരിഹരിച്ച് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നുവോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പുനർ വിന്യാസം മുഖേന സർക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്തി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നകാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുവാൻ തയ്യാറാകുമോ;

(ഇ) സർക്കിൾ ഇൻസ്പെക്ടർമാരുടെ പുനർവിന്യാസംമൂലം ജീവനക്കാരെ കണ്ടെത്തുവാൻ കഴിയാത്തപക്ഷം സംസ്ഥാന പോലീസ് സേനയിലെ ഹയർ ഗ്രേഡ് സബ് ഇൻസ്പെക്ടർമാരുടെ 38 തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സ്ഥാനകയറ്റം നൽകി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ; ഇത്തരത്തിൽ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതുമൂലം ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകില്ലെന്നകാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(എഫ്) എത്രയും വേഗം ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണമെന്ന ഗവൺമെന്റ് തീരുമാനം പ്രാവർത്തികമാക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ;

ഉത്തരം

(എ-ഡി) 17-6-2014-ലെ GO (Ms)No.124/14/Home. ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. ക്രൈംബ്രാഞ്ച് (സി.ബി.സി.ഐ.ഡി.) വിഭാഗത്തിന്റെ അന്വേഷണ ഭാരം കുറയ്ക്കുക, ജില്ലാ തലത്തിൽ തന്നെ സെൻസേഷണൽ കേസുകളുടെ അന്വേഷണം ഫലപ്രദമായി നടത്തുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. അന്വേഷണ വൈദഗ്ധ്യമുള്ള പോലീസുദ്യോഗസ്ഥരെ പുനർവിന്യാസം മുഖേന ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്), 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി.-മാർ, റേഞ്ച് ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

153 (3785) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പോലീസിൽ പരാതി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പരാതി നൽകുന്നതിന് വിവര സാങ്കേതികവിദ്യയുടെയും നവ മാധ്യമങ്ങളുടെയും സഹായം സർക്കാർ ഉപയോഗപ്പെടുത്തുമോ ;

(ഡി) പരാതിക്കാരന് രസീത് നൽകുന്ന സംവിധാനം കാര്യക്ഷമമാണോ ; ഇതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ് ;

(ഇ) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകളിൽ എഴുതി തയ്യാറാക്കിയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണത്തിന് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly